# കോക്കനട്ട് നീരബോർഡ് രൂപവത്കരിക്കും-മുഖ്യമന്ത്രി

തിരുവനന്തപുരം: നീരയുടെ ഉല്പാദന, വിതരണ, വിപണന മേഖലകൾ വിപുലീകരിക്കാനും പ്രോത്സാഹിപ്പിക്കാനും ലക്ഷ്യമിട്ട് കോക്കനട്ട് നീരബോർഡ് രൂപവത്ക്കരിക്കുമെന്ന്, മുഖ്യമന്ത്രി ഉമ്മൻചാണ്ടി പറഞ്ഞു.

കോക്കനട്ട് ഡെവലപ്പ്മെൻറ് ബോർഡ് മുൻകൈയെടുത്ത് 173 കർഷക ഫെഡറേഷൻസ് രൂപവത്ക്കരിച്ചിട്ടുണ്ട്. അതിൽ 16 ഫെഡറേഷനുകൾക്കാണ് നീര ചെത്തിയെടുക്കാനുള്ള ലൈസൻസ് കൊടുത്തിട്ടുള്ളത്. ആവശ്യം കൂടുന്നതനുസരിച്ച് കൂടുതൽ ലൈസൻസ് നൽകാൻ എക്സൈസ് വകുപ്പിന് നിർദേശവും നൽകിയിട്ടുണ്ട്. ഓരോ സ്ഥലത്തേയും ആവശ്യം കണക്കിലെടുത്തായിരിക്കും ഇത്.